# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 2081 — 22.01.2014-ൽ മറുപടിയ്ക്ക്

## പട്ടികജാതി - പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള ആക്രമണക്കേസുകൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. രാധാകൃഷ്ണൻ | ശ്രീ. രമേശ് ചെന്നിത്തല<br>(ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ്ഗക്കാർക്കെതിരായി നടന്ന എത്ര ആക്രമണക്കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് പറയാമോ ; | (എ) 1928 ആക്രമണക്കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി വച്ചിട്ടുണ്ട്. |
| (ബി) ഇവയിൽ എത്ര കേസ്സുകൾ 'പട്ടികജാതി - പട്ടികവർഗ്ഗ (അതിക്രമം തടയൽ) ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് പറയാമോ ; | (ബി) ഇവയിൽ 1856 കേസ്സുകൾ 'പട്ടികജാതി - പട്ടികവർഗ്ഗ (അതിക്രമം തടയൽ) ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പട്ടികജാതി -പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള ആക്രമണക്കേസുകളിൽ എത്ര പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും എത്ര കേസുകളിൽ കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടുണ്ടെന്നും അറിയിക്കാമോ : | (സി) | പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള ആക്രമണക്കേസുകളിൽ 1560 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. 925 കേസുകളിൽ കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. |
| (ഡി) | പട്ടികജാതി-വർഗ്ഗക്കാർക്കെതിരായി നടക്കുന്ന ആക്രമണങ്ങളിൽ പലപ്പോഴും പ്രതികളെ പിടികൂടാൻ കാലതാമസം വരുത്തുകയും, ആക്ട് അനുസരിച്ച് കേസ് രജിസ്റ്റർ ചെയ്ത് നിശ്ചിത സമയത്തിനുള്ളിൽ കോടതിയിൽ കുറ്റപത്രം സമർപ്പിക്കാതിരിക്കുകയും ചെയ്യുന്നത് പ്രസ്തുത വിഭാഗം ജനങ്ങളോടുള്ള അനീതിയല്ലേ; വ്യക്തമാക്കാമോ ; | (ഡി) | പട്ടികജാതി-വർഗ്ഗക്കാർക്കെതിരായി നടക്കുന്ന ആക്രമണങ്ങളിൽ കേസുകൾ രജിസ്റ്റർ ചെയ്ത് പ്രതികളെ അറസ്റ്റ് ചെയ്ത് വളരെ വേഗത്തിൽ തന്നെ കുറ്റപത്രം കോടതിയിൽ സമർപ്പിച്ചു വരുന്നു. |
| (ഇ) | എങ്കിൽ ഇപ്രകാരം പ്രവർത്തിക്കുന്ന പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കുമോ? | | ഇപ്രകാരം ഏതെങ്കിലും പോലീസുദ്യോഗസ്ഥർ വീഴ്ച വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ അവർക്കെതിരെ കർശനമായ നിയമ നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം - 7 -

പട്ടികജാതി പട്ടികവർഗ്ഗക്കാർക്കെതിരായി നടന്ന ആക്രമണക്കേസുകൾ (Murder. 307IPC. Hurt Cases. Rape. Molestation. Dacoity etc)

A

| DISTRICTS | ആക്രമണക്കേസുകളുടെ എണ്ണം | ഇവയിൽ SC/ST(PoA) ആക്റ്റ് അനുസരിച്ച് രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം | അറസ്റ്റ് ചെയ്ത പ്രതികളുടെ എണ്ണം | കുറ്റപത്രം കോടതിയിൽസമർപ്പിച്ച കേസുകളുടെ എണ്ണം |
|---|---|---|---|---|
| TVM C | 47 | 28 | 25 | 15 |
| TVM RL | 176 | 176 | 88 | 56 |
| KLM C | 54 | 54 | 65 | 34 |
| KLM R | 175 | 175 | 79 | 66 |
| PTA | 80 | 80 | 60 | 23 |
| ALP | 96 | 96 | 64 | 36 |
| KTM | 54 | 54 | 59 | 37 |
| IDK | 123 | 123 | 52 | 48 |
| EKM C | 60 | 58 | 49 | 35 |
| EKM R | 155 | 155 | 75 | 54 |
| TSR C | 27 | 15 | 26 | 12 |
| TSR R | 71 | 71 | 51 | 37 |
| PKD | 173 | 173 | 96 | 80 |
| MPM | 121 | 121 | 152 | 65 |
| KKD C | 53 | 46 | 49 | 26 |
| KKD R | 114 | 114 | 177 | 76 |
| WYD | 74 | 53 | 81 | 43 |
| KNR | 144 | 137 | 127 | 84 |
| KSD | 131 | 127 | 185 | 98 |
| RLYS | 0 | 0 | 0 | 0 |
| **TOTAL** | 1928 | 1856 | 1560 | 925 |

ASHA DEVI. V.S.
Section Officer (HG)
Home (SC) Department
Government Secretariat